**പതിനാലാം കേരള നിയമസഭ**
**പതിനൊന്ന്/പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1787

**10-03-2020** - ൽ മറുപടിയ്ക്ക്

# അഗ്നി സുരക്ഷാ വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ സുരക്ഷാ മേഖലയിൽ അഗ്നി സുരക്ഷാ വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലത്തൂർ അഗ്നിരക്ഷാ നിലയത്തിന് താഴെ പറയുന്ന ഉപകരണങ്ങളും വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്.<br>വാട്ടർ ടെണ്ടർ - 1<br>ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ് - 1<br>ഡെലിവറി ഹോസ് - 18<br>ബ്രീത്തിംഗ് അപ്പാരറ്റസ് - 2<br>ചെയിൻസാ - 3<br>എൽ.ഇ.ഡി. ടോർച്ച് - 2<br>എമർജൻസി ലാമ്പ് - 3<br>ഗം ബൂട്ട് - 34<br>ഫയർ ഫൈറ്റിംഗ് സ്യൂട്ട്സ് - 35<br>ഹെൽമറ്റ് വിത്ത് വൈസർ - 34<br><br>ആലത്തൂർ ഫയർ & റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി വകുപ്പിന് കൈമാറി ലഭിച്ച ആലത്തൂർ താലൂക്ക്, കുഴൽമന്ദം-1 വില്ലേജിൽ ബ്ലോക്ക് 17-ൽ റീസർവേ നമ്പർ.672/6 ൽ ഉൾപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 0.2023 ഹെക്ടർ ഭൂമി വകുപ്പിന് കൈമാറി ലഭിക്കുകയും ടി ഭൂമിയിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിക്കുകയും ചെയ്തിട്ടുണ്ട്.<br>അഗ്നിരക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിനായി |

ആലത്തൂർ അഗ്നിരക്ഷാനിലയ പരിധിയിൽ 25 ഓളം പേരെ കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർ ആയി തെരഞ്ഞെടുത്ത് പരിശീലനം നൽകുകയുണ്ടായി.

ദുരന്തനിവാരണത്തിന്റെ ഭാഗമായി സേവനസന്നദ്ധതയുള്ള പൊതുജനങ്ങൾക്ക് ജീവൻ രക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതിയായ സിവിൽ ഡിഫൻസ് സർവ്വീസ് പദ്ധതിയുടെ ഭാഗമായി ആലത്തൂർ അഗ്നിരക്ഷാ നിലയപരിധിയിൽ 50 ഓളം സിവിൽ ഡിഫൻസ് വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുകയുണ്ടായി.

പ്രകൃതി ദുരന്തങ്ങളായ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, പേമാരി, ചുഴലിക്കാറ്റ് എന്നീ സുരക്ഷാ ഭീഷണികൾ പ്രാദേശികമായി സൂക്ഷ്മതലത്തിൽ മനസ്സിലാക്കി മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ദുരന്തങ്ങളെ കാര്യക്ഷമമായി നേരിടുന്നതിനും, രക്ഷാ പ്രവർത്തനങ്ങളെ സുഗമമാക്കുന്നതിനും വകുപ്പിൽ സേഫ്റ്റി ബീറ്റ് സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കി. ടി സംവിധാനത്തിന് സേഫ്റ്റി ബീറ്റ് ഓഫീസറായി തെരഞ്ഞെടുത്ത അഗ്നിശമന സേനാംഗങ്ങൾ ആലത്തൂർ നിലയ പരിധിയിലെ 12 പഞ്ചായത്തുകളിൽ പ്രവർത്തനം ആരംഭിക്കുകയും നെല്ലിയാമ്പതി, നിരങ്ങൻപാറ, പുലന്തൂർ എന്നീ പ്രദേശങ്ങൾ സന്ദർശിച്ച് ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം നൽകുകയുമുണ്ടായി.

(signature)

സെക്ഷൻ ഓഫീസർ